"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- കോവിഡ് 19 നിർവ്യാപന സഹായമായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ( കെ.എസ്.ആർ.റ്റി.സി ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും 5 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ)വകുപ്പ്

G.O.(Rt)No.2335/2020/RD തീയതി,തിരുവനന്തപുരം, 30/06/2020

പരാമർശം:- 1 കെ.എസ്.ആർ.റ്റി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 03.06.2020 തീയതിയിലെ CMD/Msc-2020 നമ്പർ കത്ത്.

ഉത്തരവ്

കോവിഡ്- 19 - നെ തുടർന്ന് ബസുകൾ സുരക്ഷ മാനദണ്ഡപ്രകാരം ഓപ്പറേറ്റ് ചെയ്യുന്നതിന് കോവിഡ് 19 നിർവ്യാപന സഹായമായി 5 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് കെ.എസ്.ആർ.റ്റി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കോവിഡ് പടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിർവ്യാപനം തടയുന്നതിന് സുരക്ഷാ മുൻ കരുതൽ എടുക്കേണ്ടത് അത്യാവശ്യമായതിനാൽ സുരക്ഷാ സംബന്ധമായ സാമഗ്രികൾ നിലവിലെ സർക്കാർ മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ചു കൊണ്ട് കോവിഡ് 19 നിർവ്യാപനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് 5,00,00,000/- ( അഞ്ച് കോടി ) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പർച്ചേസ് മാനദണ്ഡങ്ങൾ പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങുന്നതെന്ന് ഗതാഗത വകുപ്പ് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

3..വിതരണത്തിനാവശ്യമായി വരുന്ന 5,00,00,000 ( അഞ്ച് കോടി ) രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA L
SPECIAL SECRETARY

പകർപ്പ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ , കെ.എസ്.ആർ.ടി.സി , ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം - 695023.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ഗതാഗത ( എ) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ